എ.ഡി.ബി. വായ്പയുടെ തിരിച്ചടവ്

119 [1646] ശ്രീ. പിരപ്പൻകോട് മുരളി:
ഡോ. തോമസ് ഐസക്:
ശ്രീ. സാജുപോൾ:
ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അഞ്ച് കോർപ്പറേഷനുകൾക്ക് ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് വഴി നൽകുന്ന വായ്പ എത്ര വീതമാണെന്നും ഏതൊക്കെ ആവശ്യങ്ങൾക്കാണെന്നും തരംതിരിച്ച് വെളിപ്പെടുത്താമോ;

(ബി) ഈ വായ്പകളുടെ പലിശ തിരിച്ചടയ്ക്കുന്നതിനുള്ള ബാദ്ധ്യത സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ;

(സി) വായ്പയുടെ തിരിച്ചടവ് സംബന്ധിച്ച് എ.ഡി.ബി.യുമായി ഉണ്ടാക്കിയിട്ടുള്ള കരാറുകൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) വായ്പകളുടെ തിരിച്ചടവിന്റെ ഉത്തരവാദിത്വം സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ), (ബി), (സി) ആന്റ് (ഡി) വായ്പ അനുവദിക്കുന്നത് സംബന്ധിച്ച എ.ഡി.ബി. ചുമതലപ്പെടുത്തിയിട്ടുള്ള കൺസൾട്ടന്റിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. ആയതിനാൽ ഈ കാര്യങ്ങളിൽ സർക്കാർ അന്തിമ തീരുമാനമെടുത്തിട്ടില്ല.

പറശ്ശിനിക്കടവിലെ അമ്യൂസ്മെന്റ് പാർക്ക് നിർമ്മാണം

120 [1647] ശ്രീ. കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പറശ്ശിനിക്കടവിലെ ധർമ്മശാലയ്ക്കടുത്ത് കോൾമൊട്ട, ചട്ടക്കുന്ന് ഭാഗത്ത് മലബാർ പ്ലഷേഴ്സ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി അമ്യൂസ്മെന്റ് പാർക്ക് ഉണ്ടാക്കുന്നതിന് കുന്നിടിച്ച് നിരത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനകം എത്ര ഹെക്ടർ സ്ഥലത്ത് കുന്നിടിച്ചിട്ടുണ്ട്;

(സി) ഇവിടെ കുന്നിടിക്കുവാൻ അനുവാദം കൊടുത്തിട്ടുണ്ടോ;

(ഡി) പ്രസ്തുത കുന്ന് ഇടിക്കുന്നതുകൊണ്ട് ആ പ്രദേശങ്ങളിൽ ജലക്ഷാമം ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly